കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.6/1907/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി:20.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചെമ്പിലോട് ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- ചെമ്പിലോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡിക 3-9-ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)
3) കാര്യാലയ പ്രതി.

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.6/1907/2018 തീയതി : 20.12.2018

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട്ഗ്രാമപഞ്ചായത്തിന്റെ2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആമുഖം

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.6.2017 മുതൽ 21.10.2018 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. ശശികുമാർ .എം. പി<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2018മുതൽ31-10-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. അനൂപ് കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ഷൈജിത്ത് പി.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി. വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി ടി.വി ലക്ഷ്മി | 1.4.2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. രത്നാകരൻ | 01/04/2017മുതൽ 17-6-2017 വരെ |
| | ശ്രീ.ബിന്റി ലക്ഷ്മണൻ | 18-6-2017മുതൽ10-7-2017 FN വരെ |
| | ശ്രീ.അനിൽ കുമാർ പി. | 10-7-2017AN മുതൽ 31-3-2018വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അതുല്യ ബി.എ | 01-04-2017മുതൽ 31-10-2017വരെ |
| | ശ്രീ.ജേക്കബ് ഷെമോൺ | 1-11-2017 മുതൽ 3-11-2017 വരെ |
| | ശ്രീമതി. ബിന്ദു എൻ.കെ | 04-11-2017 മുതൽ 18-02-2018FN വരെ |
| | ശ്രീമതി. ലക്ഷ്മി ആർ നാഥ് | 18-02-2018AN മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. പത്മിനി സി | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ചെമ്പിലോട് | ശ്രീ.ശബരി ഗിരീഷ് പി | 01-04-2017മുതൽ 20-10-2017 FN വരെ |
| | ശ്രീമതി. റെജി തുണോളി | 20-10-2017 AN മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – ഇരിവേരി | ശ്രീ. മുഹമ്മദ്സാജിദ് ടി.കെ | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | ഡോ. ഷൈനി കെ | 01-04-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-<br>ആയുർവേദം | ഡോ. ദീപാരാജ് വി.ടി | 01-04-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | ഡോ. പി.കെ കാർത്ത്യായനി | 01-04-2017 മുതൽ<br>3-08-2017 വരെ |
| | ഡോ.സിബി കെ.വി. | 4-8-2017 മുതൽ<br>16-8-2017 വരെ |
| | ഡോ. ഷിജി കെ.ആർ | 17-8-2017 മുതൽ<br>20-8-2017 വരെ |
| | | 29-9-2017 മുതൽ<br>5-10-2017 വരെ |
| | ഡോ. ഷൈന വി.പി | 21-8-2017മുതൽ<br>28-9-2017 വരെ |
| | ഡോ. സോന ബി. നായർ | 6-10-2017 മുതൽ<br>31-03-2018 വരെ |
| അസിസ്റ്റന്റ്<br>സെക്രട്ടറി | ശ്രീ. ബിന്റി ലക്ഷ്മണൻ | 01-04-2017 മുതൽ<br>31-03-2018 വരെ |
| അസിസ്റ്റന്റ്<br>എഞ്ചിനിയർ | ശ്രീ.പ്രകാശൻ കെ.കെ | 01-04-2017 മുതൽ<br>7-12-2017 വരെ |
| | ശ്രീ. ഉല്ലാസൻ സി.പി | 8-12-2017 മുതൽ<br>9-02-2018 FN വരെ |
| | ശ്രീ. രാധാകൃഷ്ണൻ യു | 9-02-2018 AN മുതൽ<br>31-3-2018 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ഉഷാവതി സി | 01-04-2017 മുതൽ 31-01-2018 വരെ |
| | ഒഴിവ് | 1-2-2018 മുതൽ 20-2-2018 വരെ |
| | ശ്രീമതി. രാജശ്രീ ടി.സി | 21-2-2018 മുതൽ 31-3-2018 വരെ |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |

ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 13 | അനധികൃത കെട്ടിട നിർമ്മാണം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല | 2-1 |
| 14 | തൊഴിൽനികുതി അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 16 | ഇ- ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-4 |

ഭാഗം-III

ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 17 | ടെൻഡർ/ക്വട്ടേഷൻ പരസ്യം - നിശ്ചിത മാതൃകയിലും,വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേനയും പത്രത്തിൽ പ്രസിദ്ധീകരിക്കാത്തതിനാൽ അധിക ചെലവിന് കാരണമാവുന്നു | 3-1 |
| 18 | തെരുവ് വിളക്ക് - വൈദ്യുതി കരം അധികം ഒടുക്കുന്നത് | 3-2 |
| 19 | പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാത്തത്. | 3-3 |
| 20 | ഐ.കെ.എം ന്ന് വിഹിതം നൽകിയത്- ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല . | 3-4 |

| | | |
|---|---|---|
| | | |
| 21 | അവാർഡ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. | 3-5 |
| 22 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താത്തതിനാൽ അധിക തുക അടവാക്കേണ്ടി വരുന്നു. | 3-6 |
| 23 | പ്രവൃത്തി പൂർത്തിയാക്കിയിട്ടും ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കിയില്ല. | 3-7 |
| 24 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 3-8 |
| 25 | യു പി സ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ- പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-9 |
| 26 | പ്ലാസ്റ്റിക്ക് മാലിന്യങ്ങളിൽ നിന്നുള്ള റീ സൈക്ലിങ്ങ് പ്രൊഡക്റ്റ്സ് വിപണനം നടത്തി വരുമാനം കണ്ടെത്താവുന്നതാണ് | 3-10 |
| 27 | ക്ഷേമപെൻഷൻ രേഖകൾസൂക്ഷിക്കുന്നതിലെ വിവിധ അപാകങ്ങൾ | 3-11 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 28 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 39 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |

| | | |
|---|---|---|
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017തീയതിയിലെ 74 /17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26-3-2018 തീയതിയിലെ 108 /18തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 75,00,000 | 68,96,354 |
| വരവ് | 13,45,62,000 | 13,74,87,579 |
| ആകെ | 14,20,62,000 | 14,43,83,933 |
| ചെലവ് | 13,49,03,000 | 12,82,57,846 |
| നീക്കിയിരിപ്പ് | 71,59,000 | 1,61,26,087 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 17-5-2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018 മുതൽ 23.6.2018 വരെ | കെ എസ് എ/ കെഎൻആർ/സി 6/1253 dt 11.7.2018 |

| | | |
|---|---|---|
| | | |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,68,32,850.95 |
| വരവ് | 6,72,19,147.00 |
| ആകെ | 8,40,51,997.95 |
| ചെലവ് | 7,36,09,475.00 |
| നീക്കിയിരിപ്പ് | 1,04,42,522.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 1,43,77,000 | 1,43,77,000 | 1,36,95,000 | 6,82,000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 9,47,421 | 9,47,421 | 9,47,421 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 98,37,000 | 98,37,000 | 98,37,000 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 36,55,000 | 36,55,000 | 36,55,000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,09,08,631 | 1,09,08,631 | 80,82,785 | 28,25,846 |
| സാക്ഷരത | | 3,31,167 | 16,558 (പലിശ) | 3,47,725 | ഇല്ല | 3,47,725 |
| ദുരിതാശ്വാസനിധി | | | 43,080 | 43,080 | 6,000 | 37,080 |
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | | 76,64,136 | 76,64,136 | 76,64,136 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1147.21 | 4,29,904 | 4,31,051.21 | 4,29,193 | 1858.21 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 4,49,792 | 22,74,380 | 27,24,172 | 5,56,617 | 21,67,555 |
| ഐ സി ഡി എസ് | | 92,608 | 11,84,419 | 12,77,027 | 11,91,711 | 85,316 |
| ആർ ജി പി എസ് എ | | 100 | | 100 | | 100 |
| എം പി ഫണ്ട് | | 3,178 | 4,97,911 | 5,01,089 | 4,96,085 | 5,004 |
| മികച്ച പഞ്ചായത്ത് അവാർഡ് (കേന്ദ്ര വിഹിതം) | | | 15,00,000 | 15,00,000 | 15,00,000 | |
| ബി ഫണ്ട് | | | 6,05,59,680 | 6,05,59,680 | 6,05,59,680 | |
| സംസ്ഥാന സർക്കാർ ഗ്രാന്റ് | | 74,500 | 1,79,073 | 2,53,573 | 1,91,573 | 62,000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 50,000 | 5,66,000 | 6,16,000 | 5,66,000 | 50,000 |
| | ജില്ലാ പഞ്ചായത്ത് | 86 | 8,80,000 | 8,80,086 | 2,00,000 | 6,80,086 |
| ജനറൽ പർപ്പസ് ഗ്രാന്റ് * | | | 1,13,46,000 | | | |
| തനത് ഫണ്ട് | ബാങ്ക് ** അക്കൗണ്ട് | 8101591.95 | 9064276.00 | 1,71,65,867.95 | 58,31,279 | 1,13,34,588.95 |
| | ട്രഷറി *** അക്കൗണ്ട് | 77,78,545 | 1,13,46,000 | 1,91,24,545 | 1,08,55,739 | 82,68,806 |
| ഗുണഭോക്തൃ വിഹിതം | | 435 | 1496,999 | 14,97,434 | 14,87,998 | 9,436 |

* ജനറൽ പർപ്പസ് ഗ്രാന്റിന് മാത്രമായി വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

**&***വാർഷീക ധനകാര്യ പത്രികയിലെ മുന്നിരിപ്പും , നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്-തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവാണ്

ഫണ്ട് ചെലവഴിച്ചതിന്റേയും ലാപ്സായതിന്റേയും വിവരം

| ഫണ്ടിനം | വരവ് | ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക | ലാപ്സായ തുക (ശതമാനം) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 1,43,77,000 | 1,36,95,000 | 95.25 | 6,82,000 | 4.74 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 9,47,421 | 9,47,421 | 100 | ഇല്ല | ഇല്ല |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 98,37,000 | 98,37,000 | 100 | ഇല്ല | ഇല്ല |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 36,55,000 | 36,55,000 | 100 | ഇല്ല | ഇല്ല |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 1,09,08,631 | 80,82,785 | 74.09 | 28,25,846 | 25.90 |

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 5,32,11,875 | 94 | 4,57,51,326 | 11 | 10 | 81.73% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 47,37,267 | 12 | 43,45,319 | 11 | 91.66 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ചെമ്പിലോട് | 31,59,184 | 7 | 26,92,220 | 7 | 100 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 3,63,923 | 3 | 5,51,409 | 3 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 2,51,42,030 | 58 | 2,09,49,447 | 50 | 86.20 |
| കൃഷി ഓഫീസർ | 75,41,530 | 7 | 61,67,685 | 7 | 100 |
| വെറ്ററിനറി സർജ്ജൻ | 30,65,000 | 8 | 23,52,800 | 8 | 100 |
| മെഡിക്കൽ ഓഫീസർ -സി എച്ച് സി | 4,87,980 | 1 | 4,38,020 | 1 | 100 |
| മെഡിക്കൽ ഓഫീസർ-ആയ്യുർവേദ | 10,03,765 | 4 | 8,88,765 | 4 | 100 |
| ഐസി ഡി എസ് സൂപ്പർവൈസർ | 56,42,750 | 4 | 53,22,666 | 4 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7,09,500 | 6 | 6,87,799 | 5 | 83 |
| ഹെഡ് മാസ്റ്റർ | 13,58,946 | 5 | 13,55,196 | 5 | 100 |

കാർഷികം, മൃഗസംരക്ഷണം, വിദ്യാഭ്യാസം, സംയോജിത ശിശുവികസന പരിപാടി, ആരോഗ്യം,

ദാരിദ്ര്യ ലഘൂകരണം, ഭവന നിർമ്മാണം എന്നീ മേഖലകളിൽ ഏറ്റെടുത്ത മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി , അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികൾ ശരാശരി 87% ആണ്.

പദ്ധതി രൂപീകരണ നിർവ്വഹണ അവലോകനം

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ, വികസനരേഖ തയ്യാറാക്കൽ എന്നീ രണ്ട് ഘട്ടങ്ങളുടെ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

ആസൂത്രണ സമിതി

ആസൂത്രണ സമിതി 12-1-17 ന് പുന:സംഘടിപ്പിക്കുകയും 9-2-17 ന് പ്രഥമയോഗം ചേർന്നിട്ടുണ്ട്. 2-3-17 ന് ചേർന്ന പഞ്ചായത്തുതല ആസൂത്രണ സമിതിയോഗത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കുകയും,പദ്ധതി പ്രവർത്തനങ്ങളിൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തും ഉയർന്ന നിലവാരം പുലർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാനചുമതലകൾ.ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ആകെ 12 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

2017-18 പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.സ്) നം.72/2017തസ്വഭവ 29-03-2017 പ്രകാരം പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രൊജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ 2017-18 വർഷത്തെ പ്രോജക്ടുളെ സംബന്ധിച്ച് ഇത്തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടില്ല. മോണിറ്ററിംഗിലെ അപാകം ഒഴിച്ചുനിറുത്തിയാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമാണ്. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമസഭ

ഗ്രാമസഭകളിൽ പ്രോജക്ട് രൂപീകരണം സംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനു ശേഷമുള്ള വിലയിരുത്തൽ നടക്കുന്നില്ല. സാമ്പത്തിക വർഷത്തെ ഒന്നാമത്തെ ഗ്രാമസഭയിൽ വാർഷിക റിപ്പോർട്ട് വയ്ക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളും പെൻഷൻ

ഗുണഭോക്താക്കളുടെ വിവരങ്ങളും ഗ്രാമസഭകളിൽ വായിക്കാത്തതും അപാകമാണ്.സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ അനർഹരാകുന്ന സംഗതിയിൽ അവ ചൂണ്ടിക്കാണിക്കാൻ ഗ്രാമസഭകൾക്ക് സാധിക്കും. അതുകൊണ്ടു തന്നെ പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുന്നത് ഈ വിഷയത്തിൽ വരുന്ന അപാകങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സഹായകമാകും

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(a)(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അതിന്റെ സാധന സാമഗ്രികളുടെ ചെലവ് വിശദാംശങ്ങൾ എന്നിവ ഗ്രാമസഭയിൽ അറിയിക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. കൂടാതെ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ ചട്ടം 6 പ്രകാരം ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ(എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച സാധനസാമഗ്രികളുടെ അളവ്, അവയുടെ വിലയും ഗുണനിലവാരവും കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം അതിനുള്ള കൂലി, മതിപ്പ ചെലവ് എന്നിവയടങ്ങിയ കുറിപ്പ്) പ്രാദേശിക ഭാഷയിൽ പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർത്തിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

വികസനരേഖ തയ്യാറാക്കൽ

30-4-2017 ൽ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ സ്ഥിതിവിവരകണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്. വിവിധ മേഖലകളുടെ വികസനാവസ്ഥ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സ്വീകരിച്ച വികസനതന്ത്രങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലുകൾ എന്നിവ പരാമർശ വിധേയമാക്കിയിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ വിജയിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതായി മിനുട്സ് പരിശോധനയിൽ വ്യക്തമായി. മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികൾ നടത്തേണ്ടതാണ്.

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

പഞ്ചായത്തിന്റെ 15-05-2017 ലെ സാധാരണ യോഗത്തിലെ 139/17 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ആയതിന്

27-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ താഴെ പറയും പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 100 |
| പുതിയ പ്രൊജക്ടുകൾ | 97 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 03 |
| ആകെ അടങ്കൽ | 507.03 ലക്ഷം |
| പൊതു വിഭാഗം | 497.07 ലക്ഷം |
| പട്ടികജാതി വിഭാഗം | 9.48 ലക്ഷം |
| പട്ടികവർഗം | 0.03 ലക്ഷം |
| നൂതന പ്രോജക്ട് | ഇല്ല |

28-2-18 ലെ 74(2)/18 നമ്പർ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 28-3-18 ന് ഡി പി സി അന്തിമ അംഗീകാരം (No. 82/2017/DPC/DPO/KNR) നൽകിയിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1147.21 | 4,29,904 | 4,31,051.21 | 4,29,193 | 1858.21 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 76,64,136 | 76,64,136 | 76,64,136 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,480 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 65,92,600 | 589 |
| വിധവാപെൻഷൻ | 1,47,77,800 | 1233 |
| വാർദ്ധക്യകാലപെൻഷൻ | 3,18,57,300 | 2483 |
| വികലാംഗപെൻഷൻ | 40,93,900 | 351 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 28,16,600 | 238 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,90,000 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന26.10.2018 ന് 3.15 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 18,690 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനം നടത്തുന്നതിനായി 2017-18 – ൽ ആകെ 13 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്- എന്നാൽ 7/17, 8/17 11/17 എന്നീ മാസങ്ങളിൽ യോഗം കൂടിയിട്ടില്ല. ഐ എസ് ഒ സർട്ടിഫിക്കേഷന്റെ പ്രവർത്തന മികവിനായി പഞ്ചായത്ത് ജീവനക്കാരേയും, മെമ്പർമാരേയും ഉൾപ്പെടുത്തികൊണ്ട് 9 പേരുൾപ്പെടുന്ന ക്വാളിറ്റി സർക്കിൾ ടീം 18.1.2018 ന്റെ സ്റ്റാഫ് മീറ്റിംഗിൽ രൂപീകരിച്ചിട്ടുണ്ട്.

ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 100 ച മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നഷ്ടം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്ചൂണ്ടിക്കാട്ടിയതിനാൽ, പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നില്ല എന്ന കാര്യം പുന:പരിശോധിക്കുന്നതിനായി 30.1.2018 ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് റണ്ണിംഗ് നോട്ട് എഴുതുന്നില്ല. ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫ്രണ്ട് ഓഫീസ്, ഓഫീസ് പൊതുഭരണ പ്രവർത്തനം എന്നിവ കൃത്യമായി അവലോകനം ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2018 മുതൽ 20.10.2018 വരെ | 9/18 | 17.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.1.2011 മുതൽ 15.1.2011 വരെ | 2005-06 മുതൽ 2009-10 വരെ | 14.2.2011 |

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ

1.വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല

2.ഗ്രാമ പഞ്ചായത്ത് നൽകിയ 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ ( Liability in respect of stale cheque ) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

3.വസ്തുനികുതി ഇനത്തിൽ ഡിമാൻഡ് കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിട നിർമ്മാണം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23-02-18 ലെ 22/18 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ചർച്ച ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്ര അനധികൃത കെട്ടിടങ്ങൾ/നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ട കെട്ടിടങ്ങളുടെയും അനധികൃത കെട്ടിടനിർമ്മാണ ത്തിനെതിരെ സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 9, തീയ്യതി.29.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ, എബി എന്നിവയ്ക്കായി ഉണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് അനധികൃത കെട്ടിട നിർമ്മാണം എന്നാൽ 235 ഡബ്ല്യൂ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നിർമ്മിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു. പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും അവ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നല്കി നികുതി ഈടാക്കുകയും ഇങ്ങനെ നമ്പർ നല്കിയവയുടെയും അല്ലാത്തവയുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചുപോരേണ്ടതുമാണ്. എന്നാൽ

പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ആകെയുള്ള അനധികൃത നിർമ്മാണങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഇവയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽനികുതി അപാകങ്ങൾ

1. ഡി &ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡി & ഒ രജിസ്റ്ററിലെ ആദ്യത്തെ 150 അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി & ഒ പെർമിഷൻ രജിസ്റ്റർ ക്രമ നമ്പർ | ഉടമയുടെ, സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെ ടുത്തിയ ജീവ നക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|---|
| 1 | 13 | മേലേക്കണ്ടി മനോഹരൻ, സ്പാർക്കിൾ വാഷ് ലാന്റ് | 3 | 1000/-, 108102/14-02-17 |
| 2 | 17 | ഉദയകുമാർ കുന്നമ്മൽ,ജെ ആർഎസ് വീൽസ് | 3 | 300/-, 108181/14-02-17 |
| 3 | 18 | ഉദയകുമാർ കുന്നമ്മൽ,ജെ ആർഎസ് ഓട്ടോക്ലിനിക് | 7 | 500/-, 108182/14-02-17 |
| 4 | 26 | കെ ഹരീന്ദ്രൻ, എച്ച്എസ് ഫ്യൂവൽസ് | 4 | 2000/-,108339 /17-02-17 |
| 5 | 44 | മാവില വീട്ടിൽ സുധ, അർജ്ജുൻ ഫുഡ് പ്രോഡക്ട്സ് | 5 | 200/-, 108473/21-02-17 |
| 6 | 59 | സബ്നാസ് വി, | 4 | 1000/-, |

| | | | | |
|---|---|---|---|---|
| | | നബീസ് ഫ്ലോർമിൽ | | 108514/22-02-17 |
| 7 | 71 | നിജീഷ് കെ കെ, അലൻ ടെക്സ് | 9 | 200/-, 108602/23-02-17 |
| 8 | 72 | കൊല്ലകുന്നമ്മൽ പ്രകാശൻ, പഴം പച്ചക്കറി | 5 | 500/-, 108646/23-02-17 |
| 9 | 85 | വി പി ദിനേശൻ, സുഷമ വസ്ത്രാലയം | 8 | 1000/-, 108662/25-02-17 |
| 10 | 87 | കെ പി മമ്മൂട്ടി, ജ്വൽ ആർട്ട് | 4 | 1000/-, 108666/25-02-17 |
| 11 | 104 | കെ കെ മോഹൻദാസ്, ബ്രോഡ്ബീൻ ഹോട്ടൽ | 7 | 4000/-, 33047/51 /27-02-17 |
| 12 | 105 | കെ കെ മോഹൻദാസ്, ബ്രോഡ്ബീൻ ബിയർ & വൈൻ | 7 | 4000/-, 33047/52 /27-02-17 |
| 13 | 107 | ഇർഷാദ് സി പി, ബ്രഡ് എൻ ബൈറ്റ്സ് | 8 | 500/-, 33047/55 /27-02-17 |
| 14 | 124 | കെ നിശാന്ത്, പവിത്രാ ജ്വല്ലറി | 2 | 2000/-, 33047/84 /27-02-17 |
| 15 | 125 | കെ നിശാന്ത്, പവിത്രാ ഗോൾഡ് | 3 | 1000/-, 33047/85 /27-02-17 |
| 16 | 148 | എം കെസുരേന്ദ്രൻ, വി പ്ലാസ്റ്റ് | 4 | 1000/-, 33113/24 /28-02-17 |

ഗ്രാമപഞ്ചായത്ത് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. 2017-18 വർഷത്തിൽ ആകെ 825 അപേക്ഷകളിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത്

പരിധിയിലെ രണ്ടിൽക്കൂടുതൽപേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

2. തൊഴിൽനികുതി - സ്ഥാപന രജിസ്റ്റർ കാലികമാക്കുന്നില്ല.

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള മുഴുവൻ സ്ഥാപനങ്ങളും അതതുവർഷം സ്ഥാപനരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നില്ല എന്നാണ് മേൽ സൂചിപ്പിച്ച അപാകത്തിൽ നിന്ന് വ്യക്തമാകുന്നത്. പഞ്ചായത്ത് പരിധിയിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1.അന്വേഷണ റിപ്പോർട്ടില്ലാതെ ഡി &ഒ ലൈസൻസ് അനുവദിക്കുന്നു.

ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടില്ലാതെയാണ് ഭൂരിഭാഗം അപേക്ഷകളിലും ഡി &ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ - (ഡി & ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര്, ലൈസൻസ് ആവശ്യം | അപേക്ഷ പ്രകാരം ദിവസ വരുമാനം | ഈടാക്കിയ ലൈസൻസ് ഫീ | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 101 | കമാലുദ്ദീൻ കെ, സിമന്റ് വില്പന | 5000 | 500/- | 33047, 27-02-2017 |
| 104 | കെ കെ മോഹൻദാസ്, ബ്രോഡ്ബീൻ ഹോട്ടൽ | 4000/- | 4000/- | 33047/51, 27-02-2017 |
| 137 | മേലേക്കണ്ടി മനോഹരൻ, ബോഡി വർക്ക്ഷോപ്പ് നടത്തുന്നതിന് | 200/- | 2000/- | 33113/2, 27-02-2017 |

| | | | | |
|---|---|---|---|---|
| | | | | |

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിരലിലെണ്ണാവുന്ന അപേക്ഷകളിൽ മാത്രമേ ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. അന്വേഷണം നടത്താതെയും മേലുദ്യോഗസ്ഥരുടെ തീരുമാനമില്ലാതെയും ലൈസൻസ് അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 8, തീയ്യതി.29.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ലൈസൻസ് എടുക്കുന്നതിൽ കാലതാമസം - വൈകി കിട്ടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 825 അപേക്ഷകളിൽ 181എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല. ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തിരിക്കുന്നത്. (2018 ജനവരി മാസം മുതലുള്ള അപേക്ഷകളിൽ മാത്രമേ ഇത്തരത്തിൽ ഫീ ഈടാക്കിയിട്ടുള്ളൂ). എന്നാൽ ഇപ്രകാരം അധിക ഫീസ് ഈടാക്കി പുതുക്കേണ്ടത് മേൽ ചട്ടങ്ങളിലെ പട്ടികIII, പട്ടികIV എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സംഗതികളിൽ മാത്രമാണ്. ചട്ടം(19, 22 കാണുക). പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 26 പ്രകാരം ചട്ടം ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ചട്ടപ്രകാരം യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 ഇ- ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയതിന്റെ ടെണ്ടർ ഫോറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 2015-16 | 46960 |
| 2 | 2016-17 | 47110 |
| 3 | 2017-18 | 87460 |
| | ആകെ | 1,81,530 |

ഈ ഇനത്തിൽ ലഭിച്ച 1,81,530 (ഒരു ലക്ഷത്തി എൺപത്തിയൊന്നായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ) തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടെൻഡർ/ക്വട്ടേഷൻ പരസ്യം - നിശ്ചിത മാതൃകയിലും,വിവര പൊതുജന സമ്പർക്ക വകുപ്പ മുഖേനയും പത്രത്തിൽ പ്രസിദ്ധീകരിക്കാത്തതിനാൽ അധിക ചെലവിന് കാരണമാവുന്നു.

പ്രൊജക്റ്റ് നം - 32

പ്രൊജക്റ്റിന്റെ പേര് - പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ്ങ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – ₹3,00,000(തനത് ഫണ്ട്)

ചെലവ് തുക – ₹2,92,238(തനത് ഫണ്ട്)

മേൽ പദ്ധതിയുടെ ഭാഗമായി 2017-18 വർഷം ടെൻഡർ/ക്വട്ടേഷൻ ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ദിനപത്രം | ബിൽ നമ്പർ/തീയതി | പരസ്യത്തിന്റെ വലിപ്പം SCM | റേറ്റ്/SCM (കണ്ണൂർ എഡിഷൻ) | തുക | ചെക്ക് നം/തീയതി |
|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | KNR/35512 | 10x8 | 180 | 15,120 | 2501468/29.03.18 |

| | | | | | | |
|---|---|---|---|---|---|---|
| | | Dt.02.02.18 | | | | |
| 2 | ദേശാഭിമാനി | KNR/2018 /03/40452 Dt.3.03.18 | 7x12.2 | -do- | 16387 | -do- |
| 3 | ദേശാഭിമാനി | KNR/28105 Dt 13.12.17 | 11x8 | -do- | 16,632 | 2851859/16.02.18 |
| 4 | ദേശാഭിമാനി | KNR/30745 Dt06.01.18 | 8x8 | -do- | 12,096 | -do- |
| 5 | ദേശാഭിമാനി | KNR/18012 Dt 11.10.2017 | 13x8 | -do- | 19,656 | -do- |
| ആകെ | | | | | 79,891 | |

01-01-2004-ലെ ജി.ഒ.(പി)01/04/ഐ & പി.ആർ. പ്രകാരം ദർഘാസ് പരസ്യങ്ങൾ 3x2 സെന്റിമീറ്റർ കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന്പുറമേ 20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015 /പി&എ.ആർ.ഡി,04-01-2011-ലെ ജി.ഒ.(പി)12/2016/പി.&എ.ആർ.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ പരസ്യങ്ങൾ നിശ്ചിത മാതൃകയിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. സർക്കാർ പരസ്യങ്ങൾക്കുള്ള ഡിസ്കൗണ്ടും ലഭ്യമായിട്ടില്ല. 20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015 /പി&എ.ആർ.ഡി ഉത്തരവു പ്രകാരം മലയാള മനോരമയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് SCM ന്ന് ₹65.18 രൂപയും (കണ്ണൂർ എഡിഷൻ) മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുന്നതിന് SCMന്ന് ₹91.75രൂപയുമാണ് (കണ്ണൂർ എഡിഷൻ). എന്നാൽ 2017-18 വർഷത്തിൽ ദേശാഭിമാനി പത്രത്തിന്ന് പരസ്യം നൽകിയിരിക്കുന്നത് SCMന്ന് ₹180 രൂപയ്ക്കാണ്. വിവര പൊതുജന സമ്പർക്ക വകുപ്പിന്, വിവിധ പത്ര കമ്പനികളുമായി റേറ്റ് കോൺട്രാക്ട് നിലവിലുള്ളതിനാൽ പരസ്യങ്ങൾ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പ്രസിദ്ധീകരിക്കുന്നതും ഈയിനത്തിലെ ചെലവു കുറയ്ക്കുന്നതിന് സഹായിക്കും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം 12/2017-18 തീ 30.10.18) മറുപടിയിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾ പാലിച്ചും, അധിക ചെലവു വരുത്താതെയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-2 <u>തെരുവ് വിളക്ക് - വൈദ്യുതി കരം അധികം ഒടുക്കുന്നു.</u>

2016-17 വർഷത്തിൽ വൈദ്യുതി വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധന പ്രകാരം പഞ്ചായത്ത് പരിപാലിക്കുന്ന തെരുവു വിളക്കുകളുടെ തരം താഴെ പറയും പ്രകാരമാണ്.

CFL (2X11) = 773 എണ്ണം

CFL (1X11) = 40 എണ്ണം

Tube (2X40) = 65എണ്ണം

Tube (1X40) = 655എണ്ണം

എന്നാൽ 2017-18 വർഷത്തിലെ ഇലക്ട്രിസിറ്റി ബില്ലിൽ 24 ഓർഡിനറി ബൾബിന്റെയും 10 സോഡിയം വേപ്പർ ലാംപിന്റെയും ചാർജ് ഈടാക്കുന്നുണ്ട്. (34 എണ്ണം CFL (2X11) നു പകരം). 2.06.2017തീയ്യതിയിലെ വൈദ്യുതി വകുപ്പിന്റെ EB/CKL/SL/17-18 നം കത്ത് പ്രകാരം34 എണ്ണം CFL (2X11 ) ന്റെ ഒരു മാസത്തെ വൈദ്യുത കരം ₹1088 രൂപയും 24ഓർഡിനറി ബൾബിന്റെയും 10സോഡിയം വൈപ്പർ ലാംപിന്റെയും കൂടി ആകെ വൈദ്യുത കരം 6034/- രൂപയുമാണ്. ആയതിനാൽ പ്രതിമാസം ₹4946രൂപ അധികം ഒടുക്കേണ്ടതായി വരുന്നു.

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്കു മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 6/2017-18 തീ 29.10.18 ) 24 ഓർഡിനറി ബൾബിന്റെയും 10 സോഡിയം വൈപ്പർ ലാംപിന്റെയും ചാർജ് ഒഴിവാക്കി തരുന്നതിനു വേണ്ടി വൈദ്യുതി വകുപ്പിന്ന് കത്ത് നൽകിയിരുന്നെങ്കിലും ആയത് ഇതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും, ഈകാര്യത്തിൽ ഓർമ്മ കുറിപ്പ് അയക്കുന്നതാണെന്നും, എനർജി മീറ്റർ സ്ഥാപിക്കുന്ന കാര്യത്തിൽ അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട്, സംയുക്ത പരിശോധനയിൽ ഉൾപ്പെട്ട തെരുവു വിളക്കുകൾക്ക് മാത്രം വൈദ്യുതി ചാർജ് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ച് വൈദ്യുത കരം ഒടുക്കുന്ന രീതി പൂർണ്ണമായും മീറ്റർ ബില്ലിംഗ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതുമാണ്.

## 3-3 പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കാത്തത്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ മറ്റ് ഇൻഷുറൻസ് സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്.2017-18വർഷത്തിലെ ഈയിനത്തിലുള്ള ചെലവിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാഹന രജിസ്ട്രേഷൻ നം | വാഹന മോഡൽ | വൗച്ചർ നം/തീയതി | തുക | ഇൻഷുറൻസ് സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| KL13V 8487 | Piaggio Graves Pickup Van | 21700056 തീയതി 20-4-2017 | 7135 | United Indial Insurance Co Ltd |

സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) 819/2000 നം ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ 29.10.18തീയതിയിലെ 7/2017-18 നം ഓഡിറ്റ് അന്വേഷണത്തിന് ഈ കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഐ.കെ.എം ന്ന് വിഹിതം നൽകിയത്- ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല .

പ്രൊജക്റ്റ് നം - 1/2018

പ്രൊജക്റ്റിന്റെ പേര് - ഐ.കെ.എം ന്ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 58273/-(വികസന ഫണ്ട്)

ചെലവ് തുക – 58273/-(വികസന ഫണ്ട്)

ബിൽ നം - 4 /17-18 തീ 19-7-2017

ഐ.കെ.എം ന്ന് വിഹിതം നൽകുന്നതിന്നായി ബിൽ നം 4/2017-2018 തീ 19-7-2017 പ്രകാരം ₹ 58,273 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. എന്നാൽ ഐ.കെ.എം തുക കൈപ്പറ്റിയതിന്റെയോ, തുക വിനിയോഗിച്ചതിന്റെയോ ( Utilization Certificate) വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന്റെയും, തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ഐ.കെ.എം ൽ നിന്നും നിന്നും ലഭ്യമാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 05/2017-18 തീ 29.10.18 ) ആയത് ഐ.കെ.എം ഇതുവരെയായി ഹാജരാക്കിയിട്ടില്ലെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. ആയത് ഐ.കെ.എം ൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 അവാർഡ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന സ്വരാജ് ട്രോഫി, ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന് 2014-15,2015-16,2016-17എന്നീ വർഷങ്ങളിൽ യഥാക്രമം രണ്ടാം സ്ഥാനം, ഒന്നാം സ്ഥാനം, ജില്ലാതലത്തിൽ രണ്ടാം സ്ഥാനം എന്നിങ്ങനെ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പുരസ്കാരത്തിന് ലഭിക്കേണ്ട തുക നാളിതുവരെയായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 7-4-18 ലെ 31/18(4) നമ്പർ തീരുമാന പ്രകാരം ശുപാർശചെയ്തിട്ടുമുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/17-18 ന് മറുപടിയായി 42,00,000 രൂപ വികസനഫണ്ടിൽ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ലഭിക്കാനുള്ള 5,00,000 രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-6 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താത്തതിനാൽ അധിക തുക അടവാക്കേണ്ടി വരുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രതിമാസം പൊതുടാപ്പുകളുടെ ചാർജ് ഇനത്തിൽ 79,625 രൂപ അടവാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ഉപയോഗിക്കാതെ കിടക്കുന്ന ടാപ്പുകൾക്കും വാട്ടർചാർജ് അടവാക്കിവരുന്നതിനാൽ അധിക ചാർജ് ഒടുക്കേണ്ടിവരുന്നതായി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. 7-4-2018 ലെ 31/18(2) നമ്പർ തീരുമാന പ്രകാരം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ഭരണസമിതിയോട് ശുപാർശചെയ്തിട്ടുമുണ്ട്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും അതുവഴി വെള്ളക്കരം ഇനത്തിൽ അനാവശ്യമായി തുക ഒടുക്കേണ്ടി വരുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

## 3-7 പ്രവൃത്തി പൂർത്തിയാക്കിയിട്ടും ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കിയില്ല.

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 61/18, കോയ്യോട് സബ്സെന്റർ നവീകരണം

ബിൽ നമ്പർ- 17190152011140124671 dt 7.3.18 Rs.29807

ചെക്ക് നമ്പർ- SBIXY No.2501431 dt.29-3-18 Rs. 78828

ആകെ പ്രവൃത്തിമൂല്യം-1,07,915

കോയ്യോട് ഐ.സി.ഡി.പി. സബ്സെന്റർ നവീകരണത്തിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ടിൽ നിന്നും ഇലക്ട്രിക്കൽ വർക്കിന് മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സബ്സെന്ററിന് ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/17-18 ന് നൽകിയ മറുപടിയിൽ ഈ കെട്ടിടത്തിന് ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി 2018-19 ൽ പദ്ധതി (പ്രോജക്ട് നമ്പർ 149/18-19) തയ്യാറാക്കിയിട്ടുണ്ടെന്നും അടവാക്കേണ്ട തുക അറിയിക്കുന്നതിന് KSEB ചക്കരക്കൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ :മെഡിക്കൽ ഓഫീസർ (ആയുർവ്വേദം),

. പ്രോജക്ട് നമ്പർ : 19/18

പേര് : ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ

മരുന്ന് വാങ്ങൽ

അടങ്കൽ : 8,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 8,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ, തീയ്യതി : 1/17-18 , 16-10-2017

മേൽ പ്രോജക്ട് പ്രകാരം ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 8,00,000 രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. വിവിധ ഇൻവോയിസുകളിലായി 12/2017 മുതൽ 9/2018 വരെ ₹ 7,27,814 രൂപയുടെ മരുന്ന മാത്രമേ നാളിതുവരെയായി ഔഷധി ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി ₹ 72,186 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഔഷധിയ്ക്ക് കത്തയച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമായാൽ ആയതിന്റെ വിവരവും മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 യു പി സ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ - പദ്ധതി ലക്ഷ്യം കണ്ടില്ല.

നിർവഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെമ്പിലോട് ഡിവിഷൻ)

അടങ്കൽ- 2,08,000 (വികസന ഫണ്ട്),

13,923 (തനത്ഫണ്ട്)

ആകെ-2,21,923

പ്രോജക്ട്- 131/18,യു പി സ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപറേഷന് തുക കൈമാറൽ

ബിൽ നമ്പർ- 17190152017301091395 dt 28.2.18 Rs. 1,11,000

ബിൽ നമ്പർ- 17190152017301276109 dt 24.3.18 Rs. 97,000

ആകെ- 2,08,000

കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ വിതരണ പദ്ധതി മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സഉ( സാധാ) നം.280/16/തസ്വഭവ തിരുവനന്തപുരം തീയ്യതി. 25-1-16 പ്രകാരം ഉത്തരവായിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന യു പി സ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വനിതാ വികസന

കോർപറേഷന് മേൽ വിവരിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. ചെമ്പിലോട് യു പി സ്കൂൾ, മുതുകുറ്റി യു പി സ്കൂൾ, കോയ്യോട് മദ്രസ യു പി സ്കൂൾ, തന്നട സെൻട്രൽ യു പി സ്കൂൾ എന്നിവിടങ്ങളിൽ വനിതാ വികസന കോർപ്പറേഷൻ നേരിട്ട് ഏൽപിച്ച ഏജൻസിയായ YOUNG ENTERPRISERS, Pandiakkad, Malappuram എന്ന സ്ഥാപനം ഇൻസിനേറ്റർ, അലമാര, നാപ്കിൻ എന്നിവ നൽകിയിട്ടുണ്ട്. ഇവയിൽ മുതുകുറ്റി യു പി സ്കൂൾ, കോയ്യോട് മദ്രസ യു പി സ്കൂൾ എന്നിവിടങ്ങളിൽ ഓഡിറ്റ് ടീം 30-10-18 ന് ഭൗതിക പരിശോധനനടത്തിയപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

A) മുതുകുറ്റി യു പി, കോയ്യോട് മദ്രസ യു പി എന്നീ സ്കൂളിലെ ഇൻസിനറേറ്റർ കൃത്യമായി പ്രവർത്തിക്കുന്നില്ല. മുതുകുറ്റി യുപിസ്കൂളിലെ ഇൻസിനറേറ്ററിൽ പരിശോധനക്കായി നാപ്കിൻ നിക്ഷേപിച്ചപ്പോൾ കരിയും പുകയും ഉയർന്നുവരുന്നതായാണ് കണ്ടത്. ആയത് വിദ്യാർത്ഥിനികൾക്ക് സുരക്ഷിതമായി ഉപയോഗിക്കാവുന്ന അവസ്ഥയിലല്ല.

B) കോയ്യോട് മദ്രസ യു പി സ്കൂളിലെ ഇൻസിനേറ്റർ വെളിച്ചമില്ലാത്ത ഇരുട്ടുമുറിയിൽ സ്ഥാപിച്ചതിനാൽ വിദ്യാർത്ഥിനികൾക്ക് ഉപകാരപ്രദമല്ല. സൗകര്യപ്രദവും സുരക്ഷിതവുമായ ടോയ് ലറ്റില്ലാത്തതിനാൽ കുട്ടികൾ ഈ സംരഭത്തോട് വിമുഖത കാണിക്കുന്നു. കുട്ടികളുടെ പരിഭ്രമം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇത്തരമൊരു സംരംഭം നടപ്പിലാക്കിയതെങ്കിലും വെളിച്ചം കടക്കാത്ത മുറിയിൽ ഇത് സ്ഥാപിച്ചതു വഴി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം തന്നെ നടപ്പിലായില്ല. ഭരണസമിതിയുടെയും, ആരോഗ്യ, ശുചിത്വ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിർവഹണ ഉദ്യോഗസ്ഥയുടേയും ജാഗ്രതക്കുറവ് ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്.

C) നടത്തിപ്പ് ഏജൻസിയായ YOUNG ENTERPRISERS, Pandiakkad, Malappuram എന്ന സ്ഥാപനം നിലവാരമില്ലാത്ത നാപ്കിൻ ലഭ്യമാക്കിയതിനാൽ വിദ്യാർത്ഥിനികളുടെ ആവശ്യകത നിറവേറ്റാനാവാതെ നാപ്കിനുകൾ കെട്ടിക്കിടക്കുന്നതായി കണ്ടെത്തി.ഇത് പദ്ധതി തുക പാഴാകുന്നതിന് ഇടവരുത്തുന്നു. ഈ വിഷയം വനിതാവികസന കോർപറേഷനെ അറിയിക്കുകയും, ഉപയോഗയോഗ്യമല്ലാത്ത പാഡുകൾക്ക് പകരം കൂടുതൽ നിലവാരമുള്ളവ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

D)നടത്തിപ്പ് ഏജൻസി വിതരണം ചെയ്യുന്ന പാഡുകളുടെ ഗുണനിലവാരം, മെഷീനുകളുടെ പ്രവർത്തനം,അലമാരകളുടെ ഗുണനിലവാരം എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള പരാതിയിൻമേൽ ഏജൻസി പരിഹാരം കണ്ടില്ലെങ്കിൽ, ഈ വിവരം വനിതാവികസന കോർപറേഷനെ അറിയിക്കേണ്ടതുണ്ട് . എന്നാൽ ഈ വിവരം അറിയിച്ചിട്ടില്ല. ആയത് നിർവഹണത്തിലെ പോരായ്മയാണ്. സ്കൂളുകളിൽ ടീച്ചർ കോഓർഡിനേറ്ററേയും, സ്റ്റുഡന്റ് കോഓർഡിനേറ്ററേയും നിയമിക്കാത്തതും പദ്ധതി കൃത്യമായി മോണിറ്ററിംഗ് ചെയ്യാത്തതും വീഴ്ചയാണ്.

E)ഈ പദ്ധതി യു പി സ്കൂളുകളിലെ താരതമ്യേന ചെറിയകുട്ടികൾക്കിടയിൽ നടപ്പിലാക്കേണ്ട ഒന്നായിരുന്നില്ല. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ മുതിർന്ന കുട്ടികൾക്ക് വേണ്ടി വിഭാവനം ചെയ്യേണ്ടതായ പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് വിജയസാധ്യതാ പഠനം നടത്താത്തതു കൊണ്ടാണ് ലക്ഷ്യം കാണാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പ്രതിപാദിച്ച പോരായ്മകൾ അടിയന്തിരമായി പരിഹരിച്ച് ഈ പദ്ധതി വിദ്യാർത്ഥിനികൾക്ക് ഉപയോഗപ്രദമാവുന്ന രീതിയിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പ്ലാസ്റ്റിക്ക് മാലിന്യങ്ങളിൽ നിന്നുള്ള റീ സൈക്ലിങ്ങ് പ്രൊഡക്റ്റ്സ് വിപണനം നടത്തി വരുമാനം കണ്ടെത്താവുന്നതാണ്.

പ്രൊജക്ട് നം - 113/2018

പ്രൊജക്ടിന്റെ പേര് - എം.ആർ.എഫ് കേന്ദ്രത്തിലേക്കാവശ്യമായ മെഷീനുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – ₹10,47,943

ചെലവ് തുക – 9,82,913

ബിൽ നം - 26/16.03.18

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്ക് റീ സൈക്ലിങ്ങ് യൂണിറ്റിലേക്ക് പ്ലാസ്റ്റിക്ക് ഷ്രഡ്ഡിങ്ങ് മെഷിനും ബെയിലിങ്ങ് മെഷിനും വാങ്ങിയതിലേക്കായി മേൽ പദ്ധതി പ്രകാരം 9,82,913/- രൂപ 2017-18 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നും തൊഴിലാളികളെ വച്ച് പഞ്ചായത്ത് ചെലവിൽ പ്ലാസ്റ്റിക്ക് ശേഖരിച്ച് റീ സൈക്ലിങ്ങ് യൂണിറ്റിലേക്ക് എത്തിക്കുകയും ആയത് പൊടിച്ച് കയറ്റി അയക്കുകയുമാണ് ചെയ്തു വരുന്നത്. പ്ലാസ്റ്റിക്ക് റീ സൈക്ലിങ്ങ് യൂണിറ്റിന്റെ നടത്തിപ്പ് (CP17/503 മുറിയുൾപ്പെടെ) ശ്രീ സുബിൻ.പി ഭാർഗ്ഗവീ സദനം എന്നയാൾക്ക് ₹2500+GSTരൂപയ്ക്ക് ലേലം വഴി ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. റീ സൈക്കിൾഡ് പ്ലാസ്റ്റിക്ക്/പ്രൊഡക്റ്റ്സ് വിൽക്കുന്നതു വഴിയുള്ള വരുമാനം നിലവിൽ പഞ്ചായത്തിന് ലഭിക്കുന്നില്ല. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ സഹായത്തോടെ സ്ഥാപിച്ച യൂണിറ്റിൽ നിന്നുള്ള ഷ്രഡ്ഡഡ് പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനി തന്നെ ശേഖരിക്കാമെന്നും, ഷ്രഡ്ഡഡ് പ്ലാസ്റ്റിക്ക് വിൽപ്പന നടത്തി വരുമാനം ഉണ്ടാക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യാമെന്നും ക്ലീൻ കേരള കമ്പനിയുടെ പ്രൊജക്റ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി പ്രത്യേക കരാറിലേർപ്പെടേണ്ടതാണെന്നും പ്രൊജക്റ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുമായി ഇത്തരത്തിലൊരു കരാർ നിലവിൽ പഞ്ചായത്ത് ചമച്ചിട്ടില്ല. ആയതിനാൽ ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് റീ സൈക്ലിങ്ങ് പ്രൊഡക്റ്റ്സ് വിപണനം നടത്തുന്നതിനും അതു വഴി വരുമാനം കണ്ടെത്തുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

## 3-11 ക്ഷേമ പെൻഷൻ - രേഖകൾ സൂക്ഷിക്കുന്നതിലെ വിവിധ അപാകങ്ങൾ

ക്ഷേമ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ 2017-18 വർഷത്തിൽ ലഭിച്ച ക്ഷേമ പെൻഷൻ അപേക്ഷകൾ, പഞ്ചായത്ത് സമയബന്ധിതമായി തീർപ്പാക്കിയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സേവന സോഫ്റ്റ്-വെയറിൽ നിന്നും ക്ഷേമ പെൻഷൻ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെകൊടുക്കുന്നു.

| ക്ഷേമ പെൻഷൻ തരം | 2017-18 വർഷത്തിൽ പഞ്ചായ | 2017-18 വർഷത്തിൽ നിരസിച്ച | 2017-18 വർഷത്തിൽ നടപടിയെ | 2017-18 വർഷാരംഭത്തിൽ | 2017-18 വർഷത്തിൽ | 2017-18 വർഷത്തിൽ | 2017-18 വർഷാവസാ |
|---|---|---|---|---|---|---|---|

| | ത്തിൽ ലഭിച്ച ആകെ അപേക്ഷകൾ | ആകെ അപേക്ഷകൾ | ടുക്കാത്ത അപേക്ഷകൾ | പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം | നീക്കം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | കൂട്ടിച്ചേർത്ത ഗുണഭോക്താക്കളുടെ എണ്ണം | നത്തിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 292 | 32 | - | 1990 | - | 493 | 2483 |
| വിധവാ പെൻഷൻ | 64 | - | 2 | 1141 | - | 92 | 1233 |
| കർഷക തൊഴിലാളി പെൻഷൻ | 3 | - | - | 572 | - | 17 | 589 |
| വികലാംഗ പെൻഷൻ | 30 | 8 | - | 290 | - | 61 | 351 |
| 50 വയസ്സിന്ന് മുകളിലുള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17 | - | - | 219 | - | 19 | 238 |

മാർച്ച് 2018വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമപെൻഷൻ അപേക്ഷകൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതും, സേവനസോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി സമർപ്പിച്ചതിന്റെ തീയതി ഉൾപ്പെടെയുള്ള വിവരങ്ങളും ബന്ധപ്പെട്ട രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2,00,000 | പാലിന് സബ്സിഡി | 2,00,000 | - |
| | | 1,02,000 | നെൽകൃഷി വിസനം | 1,02,000 | - |
| | | 34,000 | പച്ചക്കറി കൃഷി വിസനം | 34,000 | - |
| | | 2,30,000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,30,000 | - |
| ജില്ല പഞ്ചായത്ത് | | 2,00,000 | പാലിന് സബ്സിഡി | 2,00,000 | - |
| | | 2,00,000 | ബഡ്സ്സ ക്കുളിന് ഫർണ്ണിച്ചർ | 2,00,000 | - |
| | | 4,80,000 | ചാത്തോത്ത് കുളം നവീകരണം | 4,80,000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു. എ | വയോജന വിശ്രമ കേന്ദ്രത്തിന് കുടിവെള്ള | ബിൽനം 5/19.7.2018 | 14,636 | 14,636 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കണക്ഷൻ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 30,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കണ്ണൂർജില്ല കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 16.10.1990 | 10,000 | നമ്പർ 6468/ തീയതി 16.10.1990 |

| | | | | |
|---|---|---|---|---|
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 6.8.2015 | 20,000 | നമ്പർ 50/തീയതി 6.8.2015 |
| | ആകെ | | 30,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 500 -യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-1 | 500 | സെക്രട്ടറി ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 117080106200 dt 11.1.2018(അദാലത്തിൽ ഈ ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്) |
| | ആകെ | 500/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യു റിക്കവറി നടപടിയില്ല | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | | ടെ ഈ ടാ ക്കിയ തുക (തീ യതി) | ഉൾ പ്പെട്ട തുക | ഈ ടാ ക്കി യ തുക | | ധ്യത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി-ടി-പുരുഷോത്തമൻ സെക്രട്ടറി | LF/3027Spl Cell/Cs6 /12/10 /10/2014 | 3440 | 1140410478 dt8-12-2014 – | - | - | - | - | - | 28-5-2015 ലെ പ്രാദേശിക പരിശോധന പ്രകാരം ഒഴിവാക്കാവുന്നതാണെന്ന് 8-7-2015 ലെ എൽ എഫ്/ – കെ എൻ ആർ /556/15 കത്ത് പ്രകാരം ഡയറക്ടറെ അറിയിച്ചിട്ടുണ്ട് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,72,19,147 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,36,09,475 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 2 | |
| 2003-04 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 1 | |

| | | | |
|---|---|---|---|
| 2006-07 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 2 | |
| 2007-08 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 1 | |
| 2008-09 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 4 | |
| 2009-10 | കെ എസ് എ കെ.എൻ.ആർ /സി6-124 / 18, 26-03-2018 | 8 | |
| 2010-11 | എൽ എഫ് / കെ.എൻ.ആർ /സി 1/333/12 തീയതി 28-1-2013 | 20 | |
| 2011-12<br>2012-13 | എൽ എഫ് /കെ.എൻ.ആർ /സി 2/173/14 തീയതി 13-11-2015 | 18 | |
| 2013-14<br>2014-15 | കെ എസ് എ /കെ.എൻ.ആർ /സി 2-621 / 2016 തീയതി 7-6-2016 | 11 | |
| 2015-16 | കെ എസ് എ /കെ.എൻ.ആർ /സി 2- 956 / 2016 തീയതി 1-12-2016 | 14 | |
| 2016-17 | കെ എസ് എ / കെ.എൻ.ആർ /സി 2-979 / 2017 തീയതി 3-7-2017 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.6/1907/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 20.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-2-1

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Chembilode Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16665420.95 |
| Cash | Cash | RP-40(a) | 167430.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1768240.00 |
| 140000000 | Fees & User Charges | RP-4 | 1069351.00 |
| 150000000 | Sale & Hire Charges | RP-5 | 37772.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49502686.00 |
| 171000000 | Interest Earned | RP-9 | 311753.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7500686.00 |
| 350000000 | Other Liabilities | RP-36 | 162980.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24842.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 43080.00 |
| 340000000 | Deposits Received | RP-34 | 424700.00 |
| 350000000 | Other Liabilities | RP-36 | 511739.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5852318.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 84051997.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3363509.00 |
| 220000000 | Administrative Expenses | RP-12 | 815273.00 |
| 230000000 | Operations & Maintenance | RP-13 | 2534103.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8520485.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12497508.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 15128045.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1537988.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 429480.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 6648652.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 34500.00 |
| 280000000 | Prior Period item | RP-26 | -12780.00 |
| 350000000 | Other Liabilities | RP-36 | 4397426.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1474.00 |
| 280000000 | Prior Period Item | RP-26 | -12394.00 |
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 183451.00 |
| 350000000 | Other Liabilities | RP-36 | 2901580.00 |
| 410000000 | Fixed Assets | RP-38 | 2406099.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12131426.00 |
| 460000000 | Loans, Advances and Deposits | RP-47 | 97650.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10275389.95 |
| Cash | Cash | RP-40(b) | 167133.00 |
| | Grand Total | | 84051997.95 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Chembilode Grama Panchayat
INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6873917.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1387210.00 |
| 140000000 | Fee & User Charges | I-4(b) | 1510881.00 |
| 150000000 | Sale & Hire Charges | I-5(b) | 51412.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 108382014.00 |
| 171000000 | Interest Earned | I-8 | 311753.00 |
| 180000000 | Other Income | I-9 | 24842.00 |
| | Total Income | | 118542029.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10301095.00 |
| 220000000 | Administrative Expenses | I-11(b) | 818701.00 |
| 230000000 | Operations & Maintenance | I-12(b) | 2534103.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 1474.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 12872439.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15864451.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 15121832.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 1537988.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 60567680.00 |
| 255000000 | Maintenance Projects | I-14(e) | 6648652.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 34500.00 |
| 272000000 | Depreciation | I-17(a) | 9914427.00 |
| | Total Expenditure | | 136217342.00 |
| | Gross Surplus/ Deficit of income over Expenditure | | -17675313.00 |
| 280000000 | Prior Period Item | I-18 | 871327.00 |
| | Gross Surplus/Deficit of Income over Expenditure | | -18546640.00 |

| | | | |
|---|---|---|---|
| | after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

Chembilode Grama Panchayat BALANCE SHEET

as on 31-03-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11688854.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 37080.00 |
| 312000000 | Reserves | B-3 | 63806555.00 |
| | Total Reserve & Surplus | | 52154780.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3061355.00 |
| | Total Grants, Contributions for Specific Purposes | | 3061355.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | 0.0 | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3684746.00 |
| 350000000 | Other Liabilities | B-9 | 1132241.85 |
| | Total Current Liabilities and Provisions | | 4816987.85 |
| | TOTAL LIABILITIES | | 60033122.95 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86612977.00 |
| 411000000 | Accumulated Depreciation | B-11 | -50510653.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 36102324.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 30000.00 |
| | Total Investments | | 30000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12131426.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10442522.95 |
| 60000000 | Loand, Advances and Deposits | B-18 | 1326850.00 |
| | Total Current Assets, Loans and Advances | | 23900798.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | 0.0 | |
| | TOTAL ASSETS | | 60033122.95 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.